മോദി അനുകൂലികൾ മന്ദബുദ്ധികളെന്ന് ദിവ്യ സ്പന്ദന

തിരുവനന്തപുരം: പ്രധാനമന്ത്രി നരേന്ദ്രമോദിയെ പരിഹസിച്ചുകൊണ്ടുള്ള, കോൺഗ്രസ് വക്താവ് ദിവ്യ സ്പന്ദനയുടെ ട്വീറ്റ് ചർച്ചയായി. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അനുയായികളെ പരിഹസിച്ചുള്ള ട്വീറ്റ് ഇന്നലെ ഏറെ ചർച്ച ചെയ്യപ്പെട്ടു. രാഹുൽ ഗാന്ധിയുടെ അടുത്ത വൃത്തങ്ങളിൽ ഉൾപ്പെടുന്ന ദിവ്യ, മോദി അനുകൂലികളെ 'മന്ദബുദ്ധികൾ' എന്നാണ് വിശേഷിപ്പിച്ചത്. നിങ്ങൾക്കറിയുമോ? പ്രധാനമന്ത്രി നരേന്ദ്രമോദിയെ പിന്തുണയ്ക്കുന്ന മൂന്നിൽ ഒരാൾ മറ്റു രണ്ടുപേരെപ്പോലെ മന്ദബുദ്ധികളാണെന്നാണ് ദിവ്യ സ്പന്ദന പറഞ്ഞത്.

ഫേസ്ബുക്കും ഇൻസ്റ്റഗ്രാമും പണിമുടക്കി

ന്യൂഡൽഹി: സമൂഹമാദ്ധ്യമങ്ങളായ ഫേസ്ബുക്കിന്റെയും ഇൻസ്റ്റഗ്രാമിന്റെയും പ്രവർത്തനം ഇന്നലെ ലോകവ്യാപകമായി തടസപ്പെട്ടു. ഇന്ത്യ ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലാണ് പ്രശ്നമുണ്ടായത്. ബുധനാഴ്ച രാത്രി ആരംഭിച്ച തടസത്തിന് ഇന്നലെ രാവിലെയോടെയാണ് പരിഹാരം കണ്ടത്. പോസ്റ്റുകൾ അപ്‌ലോഡ് ചെയ്യാനും ഷെയർ ചെയ്യാനും സാധിക്കുന്നില്ലെന്ന് വ്യാപകമായി പരാതിയുയർന്നതോടെയാണ് സംഭവം പുറത്തറിഞ്ഞത്. തകരാർ ശ്രദ്ധയിൽപ്പെട്ടെന്നും പരിഹരിക്കാൻ ശ്രമം തുടരുന്നതായും ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം അധികൃതർ അറിയിച്ചിരുന്നു. ഇന്നലെ ഉച്ചയ്ക്ക് മുമ്പായി സേവനം പുനഃസ്ഥാപിക്കുകയും ചെയ്തു.

മസൂദിനെ രക്ഷിച്ച് ചൈന; ഇന്ത്യയുടെ മറുതന്ത്രങ്ങൾ

ന്യൂഡൽഹി:ജയ്ഷെ ഭീകരൻ മസൂദ് അസറിനെ ആഗോള ഭീകര പട്ടികയിൽ ഉൾപ്പെടുത്തുന്നത് ചൈന താത്കാലികമായി തടഞ്ഞത് തിരിച്ചടിയായ പശ്ചാത്തലത്തിൽ ഇനി ഇന്ത്യയുടെ മുന്നിലുള്ള വഴികൾ.

■ ഇന്ത്യയ്ക്ക് തന്ത്രം പുനഃപരിശോധിക്കാം. രക്ഷാസമിതിയിലെ ഭീകരവിരുദ്ധ സമിതി ചട്ടങ്ങൾ പ്രകാരം ചൈനയുടെ താത്കാലിക എതിർപ്പ് മസൂദിനെതിരായ പ്രമേയം അസാധുവാക്കുന്നില്ല. ചൈനയ്ക്ക് ആറ് മാസം വരെ തീരുമാനം നീട്ടാം. പിന്നീട് മൂന്ന് മാസം കൂടി ആവശ്യപ്പെടാം. ഈ കാലയളവിൽ ചൈനയെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ ഇന്ത്യ ശ്രമിക്കണം.

■ മസൂദിനെ ഭീകരലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന് രണ്ട് പതിറ്റാണ്ട് പഴക്കമുണ്ട്. പാകിസ്ഥാനിലെ ഒരു ഡസനിലേറെ ഭീകരസംഘടനകളെ ആഗോള ഭീകര ലിസ്റ്റിൽ ഉൾപ്പെടുത്താൻ ചൈന അനുകൂലിച്ചപ്പോഴും മസൂദിന് എതിരായ നിലപാട് സ്വീകരിച്ചിട്ടില്ല. 2001ലാണ് ജയ്ഷെ മുഹമ്മദിനെ ഭീകര ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന പ്രമേയം രക്ഷാസമിതിയിൽ എത്തുന്നത്. അതിൽ സംഘടനയുടെ സ്ഥാപകൻ മസൂദ് ആണെന്നും ബിൻ ലാദനിൽ നിന്ന് ഫണ്ട് ശേഖരിച്ചിരുന്നതായും വ്യക്തമാക്കുന്നുണ്ട്.

■ മുൻപ് മൂന്ന് തവണയും മസൂദിനെതിരായ പ്രമേയം ചൈന കൈയോടെ വീറ്റോ ചെയ്യുകയായിരുന്നു. ഇത്തവണ മാത്രമാണ് അന്തിമ തീരുമാനം നീട്ടിക്കൊണ്ട് സാങ്കേതികമായി തടയുന്നത്. ഐക്യരാഷ്ട്ര സഭയിൽ ചൈനയ്ക്ക് ഇന്ത്യയുടെയും അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെയും പിന്തുണ ആവശ്യമുള്ള മേഖലകൾ ഉപയോഗിച്ച് ചൈനയെ നിലപാട് മാറ്റാൻ പ്രേരിപ്പിക്കണം.

■ നിലവിൽ രക്ഷാസമിതിയിലെ ഒരംഗം വീറ്റോ ചെയ്താൽ മറ്റ് നാല് അംഗങ്ങളുടെയും തീരുമാനം അട്ടിമറിക്കപ്പെടും. അത് മാറ്റാൻ വീറ്റോ ഉൾപ്പെടെ രക്ഷാസമിതിയുടെ പരിഷ്കാരത്തിന് യു. എൻ പൊതു സഭ പാസാക്കിയ പ്രമേയം പരിഗണിക്കണം. അസറിന്റെ കാര്യം ചൈനയെ ബോദ്ധ്യപ്പെടുത്തുന്നത് പരാജയപ്പെട്ടപ്പോൾ അമേരിക്കൻ പ്രതിനിധി തന്നെ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

■ മസൂദ് അസറിന്റെ പ്രശ്നം ഇന്ത്യ പൂർണമായി ഉപേക്ഷിക്കുക. മുംബയ് ഭീകരാക്രമണത്തിന് ശേഷം ആഗോള ഭീകര ലിസ്റ്റിൽ ഉൾപ്പെടുത്തിയ ലഷ്കർ ഭീകരൻ ഹാഫീസ് സയീദ് ഇപ്പോഴും പാകിസ്ഥാനിൽ വിഹരിക്കുകയാണ്. അസറിന്റെ കാര്യവും വ്യത്യസ്തമാവില്ല

■ ഭീകരഗ്രൂപ്പുകൾക്ക് ധനസഹായം നൽകുന്നത് നിരീക്ഷിക്കുന്ന ആഗോള സംഘടനയായ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് പാകിസ്ഥാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന്റെ വക്കിലാണ്.

സംഘടനയിൽ നയതന്ത്ര സമ്മർദ്ദം ചെലുത്തി ഭീകരർക്കെതിരെ പാകിസ്ഥാനെ കൊണ്ടു തന്നെ നടപടികൾ എടുപ്പിക്കണം. പാകിസ്ഥാൻ അസറിനും സയീദിനും എതിരെ നടപടികൾ എടുക്കാൻ നിർബന്ധിതമാകണം. പാക് ഭീകര ക്യാമ്പുകൾ അടച്ചു പൂട്ടിക്കണം. അതിൽ നിർണായക പങ്ക് വഹിക്കാൻ ചൈനയെ പ്രേരിപ്പിക്കണം.

ഒഡിഷയിൽ ബി.ജെ.ഡി എം.പി രാജിവച്ചു

ഭുവനേശ്വർ: ഒഡിഷയിൽ ഭരണപാർട്ടിയായ ബിജു ജനതാദളിന് തിരിച്ചടി നൽകിക്കൊണ്ട് പാർട്ടിയുടെ ലോക്‌സഭാ എം.പി ബാലഭദ്ര മജ്ഹി രാജിവച്ചു. തന്നെ പാർട്ടി ഒഴിവാക്കിയെന്നും ചതിച്ചെന്നും ആരോപിച്ചാണ് ബാലഭദ്രയുടെ രാജി. മുഖ്യമന്ത്രി നവീൻ പട്നായിക്കിനെ നേരിട്ട് കാണാൻ സാധിക്കാത്തതിനാൽ അദ്ദേഹത്തിന്റെ രാഷ്ട്രീയ സെക്രട്ടറിക്കാണ് രാജി സമർപ്പിച്ചതെന്നും ബാലഭദ്ര പറഞ്ഞു. എന്നാൽ ലോക്‌സഭയിൽ ഇക്കുറി സീറ്റ് നൽകാത്തതാണ് പെട്ടെന്നുള്ള രാജിക്ക് കാരണമെന്നാണ് രാഷ്ട്രീയ വൃത്തങ്ങൾ പറയുന്നത്.

കുമാരസ്വാമിയുടെ പുത്രൻ നിഖിൽ മാണ്ഡ്യയിൽ

ബംഗളൂരു: കർണാടക മുഖ്യമന്ത്രി എച്ച്. ഡി കുമാരസ്വാമിയുടെ പുത്രൻ നിഖിൽ ജനതാദൾ - എസ് സ്ഥാനാർത്ഥിയായി മണ്ഡ്യ ലോക്‌സഭാ സീറ്റിൽ മത്സരിക്കും.

പാർട്ടി അദ്ധ്യക്ഷനും മുൻപ്രധാനമന്ത്രിയുമായ എച്ച്. ഡി. ദേവഗൗഡയാണ് ഇന്നലെ പേരക്കുട്ടിയുടെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്. പാർട്ടി എം. എൽ. എമാരുമായി ആലോചിച്ചാണ് നിഖിലിനെ സ്ഥാനാർത്ഥിയാക്കിയതെന്ന് മണ്ഡ്യയിൽ നടന്ന പാർട്ടി റാലിയിൽ അദ്ദേഹം പറഞ്ഞു. അതേസമയം, മണ്ഡ്യയിൽ അന്തരിച്ച മുൻ എം. പി അംബരീഷിന്റെ ഭാര്യയും മുൻകാല നടിയുമായ സുമലത മത്സരിക്കുമെന്ന അഭ്യൂഹങ്ങൾ ശക്തമാണ്. ദേവഗൗഡയുടെ മൂത്ത പുത്രനും കുമാരസ്വാമിയുടെ ജ്യേഷ്ഠനുമായ എച്ച്. ഡി. രേവണ്ണ സംസ്ഥാന പൊതു മരാമത്ത് മന്ത്രിയാണ്. അദ്ദേഹത്തിന്റെ പുത്രൻ പ്രജ്ജ്വൽ രേവണ്ണ ഹസൻ ലോക്‌സഭാ സീറ്റിൽ മത്സരിക്കുന്നുണ്ട്. മുൻപ് ദേവഗൗഡയുടെ മണ്ഡലമായിരുന്നു ഹസൻ.

കർതാർപൂർ ഇടനാഴി; ചർച്ച തുടങ്ങി

ന്യൂഡൽഹി: ഇന്ത്യയിൽ നിന്ന് പാകിസ്ഥാനിലേക്കുള്ള കർതാർപൂർ ഇടനാഴിയെ സംബന്ധിച്ചുള്ള ചർച്ചകൾ ഇന്നലെ അമൃത്‌സറിലെ അത്താരിയിൽ ആരംഭിച്ചു. വിശദമായ ചർച്ചകൾ നടന്നതായി ഇരു രാജ്യത്തെയും നേതാക്കൾ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

വാദത്തിനിടെ കേന്ദ്രം സുപ്രീംകോടതിയിൽ

റാഫേൽ രേഖകൾ ഹാജരാക്കാനാവില്ല

വകുപ്പിന്റെ അനുമതി വേണം

സുപ്രീംകോടതി വിധിപറയാൻ മാറ്റി

ന്യൂഡൽഹി: റാഫേൽ യുദ്ധവിമാന ഇടപാടുമായി ബന്ധപ്പെട്ട രഹസ്യ രേഖകൾ കോടതിയിൽ ഹാജരാക്കണമെങ്കിൽ പ്രസ്തുത വകുപ്പിൽ നിന്നുള്ള അനുമതി ആവശ്യമാണെന്ന് കേന്ദ്രം സുപ്രീംകോടതിയിൽ അറിയിച്ചു. എവിഡൻസ് ആക്ടിലെ 123-ാം വകുപ്പ് പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ പ്രത്യേക അനുമതി ആവശ്യമാണെന്നും അറ്റോർണി ജനറൽ കെ.കെ.വേണുഗോപാൽ കോടതിയെ അറിയിച്ചു.

റാഫേൽ ഇടപാടിൽ ഡിസംബർ 14ന്റെ വിധി പുനഃപരിശോധനാ ഹർജികളിൽ വാദം പൂർത്തിയാക്കി സുപ്രീംകോടതി വിധി പറയാൻ മാറ്റി.

അഴിമതി, മനുഷ്യാവകാശ ലംഘന ആരോപണങ്ങളിൽ പ്രതിരോധ സ്ഥാപനങ്ങൾക്കും രഹസ്യാന്വേഷണ ഏജൻസികൾക്കും ഔദ്യോഗിക രഹസ്യനിയമത്തിന്റെ സംരക്ഷണം ലഭിക്കില്ലെന്ന് കേസിൽ വാദം കേൾക്കവെ ജസ്റ്റിസ് കെ.എം. ജോസഫ് പറഞ്ഞു.

ഹർജിക്കാർ നൽകിയത് പ്രതിരോധമന്ത്രാലയത്തിൽ ഔദ്യോഗിക രഹസ്യനിയമ പ്രകാരം സംരക്ഷിക്കേണ്ട രേഖകളായതിനാൽ പരിഗണിക്കരുതെന്ന കേന്ദ്രസർക്കാർ വാദത്തോടെയാണ് ഇന്നലെ നടപടികൾ തുടങ്ങിയത്. രഹസ്യരേഖകൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നു പോലും ഒഴിവാക്കിയിട്ടുണ്ടെന്ന് കേന്ദ്രസർക്കാരിനു വേണ്ടി ഹാജരായ അറ്റോർണി ജനറൽ കെ.കെ. വേണുഗോപാൽ ചൂണ്ടിക്കാട്ടി. പക്ഷേ അഴിമതി, മനുഷ്യാവകാശ ലംഘന ആരോപണങ്ങളിൽ 22, 24 വകുപ്പുകൾ പ്രകാരം പ്രതിരോധ, ഇന്റലിജൻസ് സ്ഥാപനങ്ങളും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ടെന്ന് ബെഞ്ചിൽ അംഗമായ ജസ്റ്റിസ് കെ.എം. ജോസഫ് പറഞ്ഞു. റാഫേൽ രേഖകൾ രഹസ്യമായി സൂക്ഷിക്കുമെന്നാണ് ഫ്രഞ്ച് സർക്കാരിന് നൽകിയ ഉറപ്പെന്ന് അറ്റോർണി ജനറൽ വാദിച്ചു. ഇക്കാര്യം സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയോ എന്ന കോടതി ചോദിച്ചപ്പോൾ ഇല്ലെന്നും ഇപ്പോൾ അറിയിക്കുകയാണെന്നും അറ്റോർണി ജനറൽ പറഞ്ഞു. രേഖകളുടെ പകർപ്പാണെന്ന് സത്യവാങ്മൂലം നൽകിയതിന് അറ്റോർണി ജനറലിനോട് നന്ദിയുണ്ടെന്ന് മറ്റൊരു ഹർജിക്കാരനായ അരുൺ ഷൂരി പറഞ്ഞു. രേഖകൾ യഥാർത്ഥമാണെന്ന് ഇതുവഴി സമ്മതിച്ചിരിക്കയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

> റാഫേലുമായി ബന്ധപ്പെട്ട രഹസ്യ രേഖകൾ പൊതുഇടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടതിനാൽ വിശേഷ പരിഗണനയ്ക്ക് അർഹതയില്ല. എവിടെയും പ്രസിദ്ധീകരിക്കപ്പെടാത്ത രേഖകൾക്കുമാത്രമാണ് ഇന്ത്യൻ ഔദ്യോഗികരേഖാ നിയമ പ്രകാരം സംരക്ഷണം ലഭിക്കുക. 2ജി അഴിമതി, കൽക്കരിപ്പാടം കുംഭകോണം കേസുകളിൽ മുൻ സി.ബി.ഐ ഡയറക്ടർ രഞ്ജിത് സിൻഹയുടെ സന്ദർശക പട്ടിക ലഭിച്ചത് എങ്ങനെയെന്ന് ചോദിക്കാതെയാണ് കോടതി തെളിവായി ശേഖരിച്ചത്.
>
> *-ഹർജിക്കാരനായ അഡ്വ. പ്രശാന്ത് ഭൂഷൺ*

വസ്ത്രധാരണം മോശമെന്ന്; യുവതിയെ വിമാനത്തിൽ കയറ്റിയില്ല


എമിലി

ലണ്ടൻ: പ്രകോപനപരമായ രീതിയിൽ വസ്ത്രം ധരിച്ചെന്ന് ആക്ഷേപിച്ച് യുവതിയെ വിമാനത്തിൽ കയറ്റാൻ എയർലൈൻ ജീവനക്കാർ വിസമ്മതിച്ചു. മാർച്ച് 2ന് യു.കെയിലെ ബിർമിങ്ഹാമിൽനിന്ന് കാനറി ദ്വീപിലേക്ക പോകാൻ 'തോമസ് കുക്ക്' വിമാനത്തിൽ കയറിയ എമിലി ഒ'കോണർ എന്ന യുവതിക്കാണ് ദുരനുഭവമുണ്ടായത്.

നേർത്ത സ്ട്രാപ്പുള്ള കറുത്ത ടോപ്പം ഹൈവെയ്സ്റ്റ് പാന്റ്സുമായിരുന്നു യുവതിയുടെ വേഷം. ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കുന്ന തരത്തിൽ വസ്ത്രധാരണം നടത്തിയെന്നായിരുന്നു ജീവനക്കാരുടെ ആരോപണം. ഒടുവിൽ യുവതിയുടെ ബന്ധു ഒരു ജാക്കറ്റ് നൽകിയതിനെ തുടർന്നാണ് ഇവരെ യാത്രയ്ക്ക് അനുവദിച്ചത്.

മുംബയ് സി.എസ്.ടി നടപ്പാലം തകർന്ന് 5 മരണം



മുംബയ് ഛത്രപതി ശിവജി ടെർമിനസിലേക്കുള്ള മേൽപ്പാലം തകർന്നുവീണപ്പോൾ . അപകടത്തിൽ അഞ്ചുപേർ മരിക്കുകയും 34 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. *(ചിത്രം: പി.ടി.ഐ)*

ബീഹാറിൽ പ്രതിപക്ഷ ധാരണ

കോൺ.11, ആർ.ജെ.ഡി 20

പാട്ന: ബീഹാറിൽ പ്രതിപക്ഷ മഹാസഖ്യത്തിലെ സീറ്റ് വിഭജനം സംബന്ധിച്ച് ധാരണയായി. സംസ്ഥാനത്തെ 40 സീറ്റിൽ കോൺഗ്രസ് 11 ലും ആർ.ജെ.ഡി 20 സീറ്റിലും മത്സരിക്കും. ആർ.ജെ.ഡിയുമായി ദിവസങ്ങൾ നീണ്ട ചർച്ചകൾക്കൊടുവിലാണ് മുന്നണിയിലെ സീറ്റ് വിഭജനം പൂർത്തിയാക്കിയത്. 11 സീറ്റുകൾ നൽകിയില്ലെങ്കിൽ ബീഹാറിൽ മഹാസഖ്യത്തിനില്ലെന്ന് കോൺഗ്രസ് കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. ലാലുപ്രസാദ് യാദവിന്റെ ആർ.ജെ.ഡിയുടെ നേതൃത്വത്തിലാണ് ബീഹാറിൽ മഹാസഖ്യം തിരഞ്ഞെടുപ്പിനൊരുങ്ങുന്നത്.

സഖ്യകക്ഷികളും തീരുമാനത്തിൽ തൃപ്തരാണെന്നും വരും ദിവസങ്ങളിൽ ഇത് ഔദ്യോഗികമായി പ്രഖ്യാപിക്കുമെന്നും കോൺഗ്രസ് വൃത്തങ്ങൾ വ്യക്തമാക്കി. ഇടത് പാർട്ടികൾ രണ്ട് സീറ്റിൽ മത്സരിക്കും. ജെ.എൻ.യു വിദ്യാർത്ഥി നേതാവായിരുന്ന കനയ്യകുമാർ ബേഗുസരായിൽ നിന്ന് മത്സരിക്കും.

ഏഴ് ഘട്ടങ്ങളായാണ് സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് നടക്കുക. ഏപ്രിൽ 11ന് ആരംഭിക്കുന്ന തിരഞ്ഞെടുപ്പ് മേയ് 19 വരെ നീളും. കോൺഗ്രസിനും ആർ.ജെ.ഡിക്കും പുറമെ ഉപേന്ദ്ര കുഷ്‌വാഹയുടെ ആർ.എൽ.എസ്.പി, ജിതൻ റാം മാഞ്ചിയുടെ ഹിന്ദുസ്ഥാനി ആവാം മോർച്ച, ശരദ് യാദവിന്റെ ലോക്‌താന്ത്രിക് ജനതാദൾ പാർട്ടി, വികാസ്‌ഷീൽ ഇൻസാൻ പാർട്ടി എന്നിവരും മഹാസഖ്യമായ 'മഹാഗതബന്ധൻ' കൂട്ടുകെട്ടിലുണ്ട്. 2014ലെ പൊതുതിരഞ്ഞെടുപ്പിൽ 27 സീറ്റിൽ മത്സരിച്ച ആർ.ജെ.ഡി വെറും നാലു സീറ്റിൽ മാത്രമാണ് വിജയിച്ചത്.

തൃണമൂൽ നേതാവ് അർജുൻ സിംഗ് ബി.ജെ.പിയിൽ

കൊൽക്കത്ത: തൃണമൂൽ കോൺഗ്രസ് നേതാവും നാലു തവണ എം. എൽ. എയുമായിരുന്ന അർജുൻ സിംഗ് ബി. ജെ. പിയിൽ ചേർന്നു. ബി.ജെ.പി ജനറൽ സെക്രട്ടറി കൈലാഷ് വിജയ്‌വർഗിയയുടെ സാന്നിദ്ധ്യത്തിലായിരുന്നു അർജുൻ സിംഗിന്റെ പാർട്ടി പ്രവേശനം. ലോക്‌സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ മമതാ ബാനർജി അവസരം നൽകാത്തതിനെ തുടർന്നാണ് കളംമാറ്റം. എന്നാൽ ബലാക്കോട്ടിലെ ഇന്ത്യൻ വ്യോമാക്രമണത്തിൽ മമതാ ബാനർജിയുടെ നിലപാടിൽ പ്രതിഷേധിച്ചാണ് പാർട്ടി വിട്ടതെന്ന് അർജുൻ സിംഗ് പറഞ്ഞു.

വിവിധം

തട്ടിക്കൊണ്ടുപോകൽ: മുതിർന്ന നടിയുടെ മൊഴിയെടുത്തു

കൊച്ചി: പൾസർ സുനി തട്ടിക്കൊണ്ടുപോയെന്ന കേസിൽ മുതിർന്ന നടിയുടെ മൊഴി എറണാകുളം ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി രേഖപ്പെടുത്തി. കേസിൽ രണ്ടാം സാക്ഷിയാണ് നടി. കേസിലെ ഒന്നാം സാക്ഷിയായ നിർമ്മാതാവ് ജോണി സാഗരികയുടെ മൊഴി നേരത്തെ രേഖപ്പെടുത്തിയിരുന്നു. മൂന്നാം സാക്ഷിയായ സംവിധായകനെ വിസ്താരത്തിൽ നിന്ന് ഒഴിവാക്കി. പൾസർ സുനിയെ ജയിലിൽ നിന്ന് പ്രൊഡക്ഷൻ വാറന്റിലാണ് കോടതിയിൽ ഹാജരാക്കിയത്.

2011 ലായിരുന്നു കേസിനാസ്പദമായ സംഭവം. ആറു മുതൽ ഒമ്പതു വരെ സാക്ഷികളുടെ മൊഴി രേഖപ്പെടുത്താൻ കേസ് ഈ മാസം 27 ലേക്ക് മാറ്റിവച്ചു.

ഡി.എം വിംസിന് മെഡിക്കൽ കൗൺസിൽ അംഗീകാരം

കൊച്ചി: ഡി.എം വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസിന് മെഡിക്കൽ കൗൺസിൽ ഒഫ് ഇന്ത്യയുടെയും കേന്ദ്ര കുടുംബാരോഗ്യ മന്ത്രാലയത്തിന്റെയും അഞ്ചു വർഷത്തേക്കുള്ള സ്ഥിരാംഗീകാരം ലഭിച്ചതായി അധികൃതർ പറഞ്ഞു.

ആസ്റ്റർ ഡി.എം ഹെൽത്ത് കെയറിന്റെ സാരഥി ഡോ. ആസാദ് മൂപ്പൻ ചെയർമാനായ ഡോ. മൂപ്പൻസ് അക്കാഡമിയുടെ കീഴിൽ മെഡിക്കൽ കോളേജിന് പുറമെ നഴ്സിംഗ്, ഫാർമസി കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. ബിരുദാനന്തര ബിരുദ കോഴ്സുകളും ആരംഭിക്കും. എൻ.എ.ബി.എച്ച് അംഗീകാരവും സാമൂഹിക ഇടപെടലിന് ഫിക്കിയുടെയും എ.എച്ച്.പി.ഐയുടെയും ദേശീയ അവാർഡുകളും ഡി.എം വിംസിന് ലഭിച്ചിട്ടുണ്ട്. ആദ്യ എം.ബി.ബി.എസ് ബാച്ചിന്റെ ബിരുദദാനം ഏപ്രിൽ ആറിന് ഗവർണർ ജസ്റ്റിസ് പി. സദാശിവം നിർവഹിക്കും.

■ മലപ്പുറത്ത് വെസ്റ്റ് നൈൽ വൈറസ് ബാധ

പ്രത്യേക മെഡി. സംഘം സന്ദർശിച്ചു

തിരുവനന്തപുരം: മലപ്പുറത്ത് 6 വയസുകാരന് വെസ്റ്റ് നൈൽ വൈറസ് ബാധ ഉണ്ടായ സാഹചര്യത്തിൽ പ്രത്യേക മെഡിക്കൽ സംഘം മലപ്പുറത്തെത്തി രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകളെടുത്തു. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് എപ്പിഡമോളജിസ്റ്റ്, ജില്ല വെക്ടർ കൺട്രോൾ യൂണിറ്റ്, ജില്ലാ വെറ്ററിനറി യൂണിറ്റ് എന്നിവരുടെ സംഘമാണ് സ്ഥലം സന്ദർശിച്ചത്.

എന്താണ് വെസ്റ്റ് നൈൽ? വെസ്റ്റ് നൈൽ വൈറസ് മൂലമുണ്ടാകുന്ന പകർച്ചവ്യാധിയാണിത്. ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുക് വഴിയാണ് പകരുന്നത്. മനുഷ്യനിൽ നിന്ന് മനുഷ്യരിലേക്ക് പകരില്ല. പക്ഷികളിൽ നിന്ന പക്ഷികളിലേക്ക പകരും. വൈറസ് ബാധയേൽക്കുന്നവരിൽ 150ൽ ഒരാൾക്കു മാത്രമാണ് രോഗം മൂർച്ഛിക്കാറുള്ളത്. ഗുരുതരാവസ്ഥയിൽ എത്തിയാൽ 10 ശതമാനം വരെ മരണം സംഭവിക്കാം. മുതിർന്നവരെയാണ് സാധാരണ ബാധിക്കുന്നത്. 1937ൽ ഉഗാണ്ടയിലാണ് വൈറസിനെ ആദ്യമായി കണ്ടെത്തിയത്. സംസ്ഥാനത്ത് 2011ൽ ആലപ്പുഴയിലാണ് ആദ്യമായി ഈ രോഗം റിപ്പോർട്ട് ചെയ്തത്.

രോഗലക്ഷണങ്ങൾ തലവേദന, പനി, പേശിവേദന, തടിപ്പ്, തലചുറ്റൽ, ഓർമ്മനഷ്ടപ്പെടൽ എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ. രോഗബാധയുണ്ടായ ബഹുഭൂരിപക്ഷം പേരിലും പലപ്പോഴും രോഗലക്ഷണങ്ങൾ പ്രകടമായി അനുഭവപ്പെടാറില്ല. ചിലർക്ക് പനി, തലവേദന, ഛർദ്ദി, ചൊറിച്ചിൽ തുടങ്ങിയ ലക്ഷണങ്ങൾ കാണാം. ഒരു ശതമാനം ആളുകളിൽ മസ്തിഷ്ക വീക്കം, മെനിഞ്ചൈറ്റിസ് തുടങ്ങിയ പ്രശ്നങ്ങളുമുണ്ടാവാം. രോഗപ്രതിരോധവും ചികിത്സയും കൊതുകുകളിൽ നിന്ന രക്ഷനേടുക എന്നതാണ് രോഗപ്രതിരോധത്തിന്റെ ആദ്യപടി. നിലവിൽ പ്രത്യേക വാക്സിൻ ലഭ്യമല്ല എങ്കിലും രോഗം ശമിപ്പിക്കാനുള്ള ചികിത്സ ഫലപ്രദമായി നടത്താനാകും.

ആശങ്കപ്പെടേണ്ട സാഹചര്യമില്ല. രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ റിപ്പോർട്ട് ചെയ്യാനും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മന്ത്രി കെ.കെ. ശൈലജ

കേന്ദ്ര നിയമ മന്ത്രിക്കെതിരെ ശശി തരൂർ കോടതിയിൽ

രവിശങ്കർ പ്രസാദ് രണ്ട് പ്രാവശ്യം കൊലയാളിയെന്ന് ആക്ഷേപിച്ചു

തിരുവനന്തപുരം: കേന്ദ്ര നിയമമന്ത്രി രവിശങ്കർ പ്രസാദ് രണ്ട് പ്രാവശ്യം പരസ്യമായി തന്നെ കൊലയാളിയെന്ന് വിളിച്ചാക്ഷേപിച്ചെന്നും സാധാരണ പൗരനപ്പുറം നിയമ മന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന്റെ ആരോപണം ഗൗരവതരമാണെന്നും ശശി തരൂർ എം. പി കോടതിയിൽ മൊഴി നൽകി. രവിശങ്കർ പ്രസാദിനെതിരെ നൽകിയിരുന്ന അപകീർത്തി കേസിലാണ് ചീഫ് ജുഡിഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ തരൂർ നേരിട്ട് മൊഴി നൽകിയത്.

തനിക്കെതിരെ ഒരു കൊലപാതക കേസ് പോലും നിലവിൽ ഇല്ലാതിരിക്കെ രവിശങ്കറിന്റെ പരാമർശം അപകീർത്തികരമാണ്. കഴിഞ്ഞ അഞ്ച് വർഷമായി അദ്ദേഹത്തിന്റെ പാർട്ടിയിലെ ചിലർ തനിക്കെതിരെ അപവാദ പ്രചാരണം നടത്തുന്നുണ്ട്. അടിസ്ഥാനമില്ലാത്ത ഇത്തരം പ്രസ്താവനകൾ ഏറെ മനോവേദനയും വിഷമവും ഉളവാക്കുന്നു. അമ്മയ്ക്ക് 80 വയസ് കഴിഞ്ഞു. തനിക്കെതിരെയുള്ള ഇത്തരം പ്രസ്താവനകൾ കുടുംബത്തിനും ഏറെ മനോവേദന ഉണ്ടാക്കുന്നതാണ്.

അതിനാൽ ഉചിതമായ നിയമനടപടി സ്വീകരിക്കണമെന്നും തരൂർ കോടതിയോട് പറഞ്ഞു. കേസ് 27 ന് വീണ്ടും പരിഗണിക്കും.

റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോ. സംസ്ഥാന സമ്മേളനം

തിരുവനന്തപുരം: ആൾ കേരള റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷന്റെ 37-ാം സംസ്ഥാന സമ്മേളനം 27ന് രാവിലെ 10ന് നാലാഞ്ചിറ ഗിരിദീപം ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് അസോസിയേഷൻ പ്രസിഡന്റ് ജോണി നെല്ലൂർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ധനസഹായ വിതരണം മന്ത്രി പി. തിലോത്തമനും മുതിർന്ന റേഷൻ വ്യാപാരികളെ ആദരിക്കൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും നിർവഹിക്കും. അസോസിയേഷൻ വെബ്സൈറ്റ് ഭക്ഷ്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി മിനി ആന്റണി ഉദ്ഘാടനം ചെയ്യും.

പ്രളയകാലത്ത് വിതരണം ചെയ്ത സൗജന്യ റേഷന്റെ കമ്മീഷനും ലഭിച്ചിട്ടില്ലെന്ന് ജോണി നെല്ലൂർ പറഞ്ഞു.

പെരുന്തേനരുവി അണക്കെട്ടിൽ കാമറ സ്ഥാപിക്കും: മന്ത്രി എം.എം. മണി

ഇടുക്കി: പെരുന്തേനരുവി അണക്കെട്ടിന്റെ ഷട്ടർ ആരോ തുറന്നുവിട്ടതിനെക്കുറിച്ച് പൊലീസ് അന്വേഷണം നടത്തുന്നുമെന്നും ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാൻ അവിടെ സി.സി.ടി.വി കാമറ സ്ഥാപിക്കുമെന്നും മന്ത്രി എം.എം. മണി പറഞ്ഞു.

തൊടുപുഴയിൽ മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. താരതമ്യേന ചെറിയ ജലസംഭരണിയാണ് പെരുന്തേനരുവി. അവിടെ പ്രത്യേകം സുരക്ഷാ സംവിധാനങ്ങളോ പൊലീസ് സെക്യൂരിറ്റിയോ ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ കെ.എസ്.ഇ.ബിയുടെ ഭാഗത്ത് നിന്ന് സുരക്ഷാ വീഴ്ചയുണ്ടായെന്ന് വ്യാഖ്യാനിക്കാനാവില്ല. കാവൽക്കാർ ഇല്ലാത്തതുകൊണ്ട് രാത്രിയിൽ ആരോ കടന്നുകയറി ഷട്ടർ തുറന്നുവിട്ടു. ബോർഡ് പൊലീസിൽ പരാതി നൽകിയിട്ടുണ്ട്.

■ ഹെഡ്മിസ്ട്രസിനെയും ഡ്യൂട്ടി ചാർജിനെയും പരീക്ഷാ ചുമതലകളിൽ നിന്ന് മാറ്റി

എസ്.എസ്.എൽ.സി ഉത്തരക്കടലാസ് കെട്ട് റോഡിൽ കളഞ്ഞ ജീവനക്കാരന് സസ്പെൻഷൻ

പേരാമ്പ്ര: എസ്.എസ്.എൽ.സി ഉത്തരക്കടലാസിന്റെ കെട്ട് റോഡരികിൽ കണ്ടെത്തിയ സംഭവവുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫീസ് അസിസ്റ്റന്റിനെ സസ്പെൻഡ് ചെയ്തു.

കായണ്ണ ഗവ. ഹയർസെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം ഓഫീസ് അസിസ്റ്റന്റ് സിബിയെയാണ് സസ്പെൻഡ് ചെയ്തത്. ഹെഡ്മിസ്ട്രസ് പുഷ്പലതയെയും ഡ്യൂട്ടി ചാർജ് സജി ജോസഫിനെയും പരീക്ഷാ ചുമതലകളിൽ നിന്ന് മാറ്റി നിറുത്തി. ഉപ വിദ്യാഭ്യാസ ഡയറക്ടറാണ് നടപടി സ്വീകരിച്ചത്.

കഴിഞ്ഞ ദിവസം നടന്ന മലയാളം, സംസ്കൃതം, അറബിക് പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ കെട്ടാണ് കായണ്ണ ഹയർസെക്കൻഡറി സ്കൂളിൽ നിന്നു ഒരു കിലോമീറ്റർ അകലെ കുറ്റിവയലിൽ നിന്നു നാട്ടുകാരന് ലഭിച്ചത്. 55 കുട്ടികൾ ഇവിടെ പരീക്ഷ എഴുതിയിരുന്നു. 3.30ന് കഴിഞ്ഞ പരീക്ഷയുടെ ഉത്തരപേപ്പറുകളാണ് പോസ്റ്റ് ചെയ്യാനായി ഓഫീസ് അസിസ്റ്റന്റ് കോഴിക്കോട്ടേക്ക് ബൈക്കിൽ കൊണ്ടുപോകുംവഴി നഷ്ടമായത്. വഴിയിൽ വീണുകിടന്ന ഉത്തരക്കടലാസ് കിട്ടിയ നാട്ടുകാരൻ വിവരമറിയിച്ചതിനെ തുടർന്ന് സ്കൂൾ അധികൃതർ സ്ഥലത്തെത്തി ഉത്തരക്കടലാസുകൾ ഏറ്റുവാങ്ങി. ഇതിനിടെ കോഴിക്കോട് ഉപവിദ്യാഭ്യാസ ഡയറക്ടർ ഇ.കെ. സുരേഷ് കുമാർ സ്കൂളിലെത്തി പരിശോധന നടത്തി. സിബിയെ പരീക്ഷാ ജോലികളിൽ നിന്ന് കഴിഞ്ഞ ദിവസം തന്നെ മാറ്റി നിറുത്തിയിരുന്നു.

പൊലീസ് കാവലിൽ സ്കൂളിൽ സൂക്ഷിച്ച ഉത്തരക്കടലാസുകൾ ഇന്നലെ രാവിലെ തിരുവനന്തപുരത്തേക്ക് പോസ്റ്റ് ചെയ്തു .

തിരുവനന്തപുരത്തെ പ്ലസ് മാക്സ് ഡ്യൂട്ടി ഫ്രീ ഷോപ്പ് തിങ്കളാഴ്ചയ്ക്കകം തുറക്കാൻ ഉത്തരവ്

കൊച്ചി: ക്രമക്കേടുകളുടെ പേരിൽ അടച്ചുപൂട്ടിയ തിരുവനന്തപുരം വിമാനത്താവളത്തിലെ പ്ലസ് മാക്സ് ഡ്യൂട്ടി ഫ്രീ ഷോപ്പ് തിങ്കളാഴ്ചയ്ക്കകം തുറന്നുകൊടുക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. തുറന്നില്ലെങ്കിൽ ചീഫ് കസ്റ്റംസ് കമ്മിഷണറും കമ്മിഷണറും ഈ മാസം 21ന് കോടതിയിൽ നേരിട്ട് ഹാജരാകാനും സിംഗിൾ ബെഞ്ച് നിർദ്ദേശിച്ചിട്ടുണ്ട്.

ആഭ്യന്തര സഞ്ചാരികളുടെ പേരിൽ അനധികൃത മദ്യ വില്പന നടത്തിയെന്ന കേസിലാണ് ഷോപ്പ് അടപ്പിച്ചത്. ഷോപ്പ് തുറക്കാനും ഇടപാടുകൾ തുടരാനും അനുവദിക്കണമെന്ന ഉത്തരവ് നടപ്പാക്കിയില്ലെന്നാരോപിച്ച് പ്ലസ് മാക്സ് സമർപ്പിച്ച കോടതിയലക്ഷ്യ ഹർജിയാണ് പരിഗണനയിൽ.

ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകിയതിനാലാണ് വിധി നടപ്പാക്കാത്തതെന്ന് ഇന്നലെ കസ്റ്റംസ് അറിയിച്ചു. സ്റ്റേ അനുവദിക്കാത്തതിനാൽ വാദത്തിൽ കഴമ്പില്ലെന്ന് കോടതി പറഞ്ഞു. കോടതിയലക്ഷ്യ ഹർജിയിൽ നോട്ടീസ് ലഭിച്ചിട്ടും ഉദ്യോഗസ്ഥർ ഹാജരാകാത്തതെന്താണെന്നും ചോദിച്ചു.

ഹാജരാവുന്നതിൽ നിന്ന് ഒഴിവാക്കാത്ത സാഹചര്യത്തിൽ ജാമ്യമില്ലാ വാറണ്ട് പുറപ്പെടുവിക്കേണ്ടിവരും. അതിന് ഇപ്പോൾ മുതിരുന്നില്ലെന്നും കോടതി വ്യക്തമാക്കി.

ഉപഭോക്തൃ ഫോറം നിയമനത്തിന് പെരുമാറ്റച്ചട്ടം ബാധകമാക്കരുത്

കൊച്ചി: ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ ചെയർമാൻ പദവിയിലെ ഉൾപ്പെടെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ബാധകമാക്കരുതെന്ന് ഹൈക്കോടതി ഉത്തരവിട്ടു.

സാധാരണ നടപടിയായി പരിഗണിച്ച് ഒഴിവുകൾ നികത്താം. വേനലവധികഴിഞ്ഞ് കോടതി തുറക്കുമ്പോഴേയ്ക്കും മുഴുവൻ ഒഴിവുകളും നികത്തുമെന്ന് പ്രതീക്ഷിക്കുന്നതായി ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. കോടതി സ്വമേധയാ സ്വീകരിച്ച ഹർജി കൂടി പരിഗണിച്ചാണ് ഉത്തരവ്. മാദ്ധ്യമ വാർത്തകൾ പ്രകാരമാണ് സ്വമേധയാ കോടതി ഹർജി സ്വീകരിച്ചത്. ജില്ലാ കലക്ടർമാർ അപേക്ഷകരുടെ പാനൽ നൽകാത്തതിനാലാണ് നിയമനം വൈകുന്നതെന്ന് സർക്കാർ വിശദീകരിച്ചിരുന്നു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ ഒഴിവുകൾ നികത്തുന്നത് നടപടിക്രമങ്ങളെ ബാധിക്കുമെന്ന ആശങ്ക ഹർജിക്കാരിയുടെ അഭിഭാഷകൻ അറിയിച്ചു. തുടർന്നാണ് കോടതിയുടെ നിർദ്ദേശം.